
# ചങ്ങരോത്ത് ഗ്രാമ പഞ്ചായത്ത്

## വാർഡ് 10 വിളയാറ

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കരട് റിപ്പോർട്ട്


ഗ്രാമപഞ്ചായത്ത്
ഭൂപടം (MAP)

ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

പേരാമ്പ്ര ബ്ലോക്കിൽ ഉൾപ്പെടുന്ന ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് നല്ല രീതിയിൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, JBDO, അക്രഡിറ്റഡ് എൻജിനീയർ, അക്കൗണ്ടന്റ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഓവർസിയർ എന്നിവരുംഅവരുടെ സേവനം ഈ പദ്ധതിക്കു വേണ്ടി നൽകുന്നു . 2018-2019 സാമ്പത്തിക വർഷത്തിൽ 291328 തൊഴിൽ ദിനങ്ങൾ ഈ പദ്ധതിയലൂടെ പഞ്ചായത്ത് സൃഷ്ടിക്കുകയും 690 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂലി നഷ്ട പരിഹാരത്തിന് ആരുംതന്നെ അപേക്ഷിച്ചിട്ടില്ല.

# വാർഡ്  10 വിളയാറ

കോഴിക്കോട്  ജില്ലയി പേരാമ്പ്ര ബ്ലോക്ക്‌ലെചങ്ങരോത്ത്പഞ്ചായത്തിൽപ്പെട്ട വാർഡ് 10 (വിളയാറ ) ആണ് സോഷ്യൽഓഡിറ്റിനുവേണ്ടി  തിരഞ്ഞടുത്തതു. ചങ്ങരോത്ത് പഞ്ചായത്തിൽ പത്താം വാർഡിൽ തൊഴിലുറപ്പ്പദ്ധതിയിൽസാമ്പത്തിക വർഷത്തിൽ 2018 ഒക്ടോബർ ഒന്നുമുതൽ2019മാർച്ച്31വരെയുള്ളഈകാലയളവിൽ10പ്രവർത്തികൾനടന്നിട്ടുണ്ട്.പത്തുപ്രവർത്തികളും പൂർത്തീകരിച്ച് താണ്. പൊതു പ്രവർത്തികൾ ആയ വിഭാഗം A യിൽഉൾപ്പെടുന്നമണ്ണ്ജലസംരക്ഷണപ്രവൃത്തി യുടെ ഭാഗമായകയ്യാല നിർമ്മാണം, റോഡ് നിർമ്മാണം എന്നീപ്രവർത്തികൾആണ്സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയത്. പ്രദേശത്തിന് അനുയോജ്യമായ പ്രവർത്തികളാണ്തിരഞ്ഞെടുത്തിട്ടുള്ളത്. തൊഴിലാളികൾ അവരുടെ സാമ്പത്തികസ്ഥിതിമെച്ചപ്പെടുത്തുന്നതിനും.ദാരിദ്ര്യലഘൂകരണത്തനും, പ്രവർത്തിഉപകരിക്കുന്നുപ്രവർത്തിയുടെഭാഗമായിനിർമ്മിച്ചറോഡ്പ്രദേശവാസികൾക്ക്സൗകര്യംസുഗമമാക്കാൻ സഹായിക്കുന്നുണ്ട്.

## ആമുഖം

ഇന്ത്യയിലെ ദാരിദ്ര ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും. അവരുടെ ജീവിത നിലവാരവും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്പദ്ധതി യാണ് മഹാത്മാഗാന്ധി ദേശിയ ഗ്രാമണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കതെ ഗ്രാമീണജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തു വാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവര 20 താം  തീയതി ഈ നിയമം നിലവിൽ വരികയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാട് ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടിവ്യാപിപ്പിച്ചു. ഇടുക്കി, കാസറഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ 1ന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധ ആകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണ മേഖലകളിൽ ദാരിദ്ര  ലഘൂകരണത്തിൽ നിർണ്ണായകമായ വഴിത്തിരിവ് ബൃഹത്ത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009 ഒക്ടോബർ 20താം തിയ്യതി കേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശിയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനർ നാമകരണം ചെയ്തു.

*  തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുമെന്നും അതിന് നിർണയിക്കപ്പെട്ട ഉള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുമെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ്  പാസാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23 തീയതിയാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.

* തൊഴിലുറപ്പ് വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പുവരുത്തുന്നു എന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്ത് ശേഷം വേതനം വായിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

* തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. അതുപോലെ എടുത്ത തൊഴിലിന്റെ വേതനം 14 ദിവസത്തിലധികം വൈകിയാൽ ഇങ്ങനെ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായും ഉറപ്പുവരുത്തുന്നതാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഈ പദ്ധതി പ്രകാരം തൊഴിൽ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ,

*18 വയസ്സ് പൂർത്തീകരിച്ചിരിക്കുക.

* കായിക അധ്വാനത്തിന്  തയ്യാറാക്കുക.

*ഗ്രാമ പഞ്ചായത്തിൽ സ്ഥിരതാമസക്കാരനായിരിക്കുക.

എന്നിവയാണ്. എന്നാൽ 2014 ല പുതുക്കിയ  മാർഗ നിർദ്ദേശങ്ങൾ പ്രകാരം നാടോടി കളായ തൊഴിലന്വേഷകർക്കും തൊഴിൽ നൽകമെന്ന് വ്യവസ്ഥ ചെയ്തിടുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാപ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന്. 17(2)  വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും  പൊതുധനം ചിലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക കണക്ക് പരിശോധന.

## മുഖ്യ ലക്ഷ്യങ്ങൾ

* അവിദഗ്ധ - കായിക തൊഴിൽ ഏർപ്പെടാൻ സന്നദ്ധയുള്ള ഗ്രാമപ്രദേശഗളിൽ അധിവസിക്കുന്ന. ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം നൂറു ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്ന തോടൊപ്പം, ഉൽപ്പാദനക്ഷമത വുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

* ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപെട്ടു വിഭവാടിത്തറ ശക്തിപ്പെടുത്തൽ.

* സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തും.

* പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ ശക്തിപെടുത്തുന്നു.

## സവിശേഷതകൾ

* നിയമത്തിന്റെ പിൻബലമുള്ള അവകാശ അധിഷ്ഠിത പദ്ധതി.

* ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം.

* സ്ത്രീക്കും പുരുഷനും തുല്യവേതനം

* പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം മുൻഗണന.

* തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തിയ ആസൂത്രണം പ്രക്രിയയിൽ പങ്കാളികൾ ആവാനുള്ള അവസരം.

* ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത.

* കരാറുകാരെ ഇടനിലക്കാരോ ഇല്ല.

* പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്.

* ബാങ്ക് പോസ്റ്റ് ഓഫീസ് വഴി മാത്രം വേതന വിതരണം.

* സ്ത്രീകൾക്ക് മുൻഗണന

* കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം.

* ഗ്രാമസഭ പദ്ധതി ഓൾഡ് ചെയ്യുന്നു.( സോഷ്യൽ ഓഡിറ്റ് സംവിധാനം)

* പരാതി പരിഹാര സംവിധാനം

തൊഴിലുറപ്പു നിയമം തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു ഏതൊക്കെ എന്ന് ചുവടെ ചേർക്കുന്നു.

1- തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം.

2. അപേക്ഷച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശവും ആയതിനെ കൈപ്പറ്റ് രസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.

3. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം( ആദ്യത്തെ 30 ദിവസം1/4& പിന്നീടുള്ള ദിവസങ്ങളിൽ 1/2).

4 - ഷെ ൽഫ് പ്രൊജക്ട് തയ്യാറാക്കാനുള്ള അവകാശം.

5 - 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം മേൽപ്പറഞ്ഞ പ്രകാരം ലഭിച്ചില്ലെങ്കിൽ ദിനത്തിന്റെ 10% തൊഴിലാളികൾക്ക് ലഭിക്കാൻ അർഹതയുണ്ട്.

6- പ്രവർത്തി സ്ഥലത്ത് കുടിവെള്ളം, വിശ്രമ സൗകര്യം. പ്രഥമശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിന് അവകാശം.

7- തൊഴിൽ പൂർത്തിയാക്കിയതിനുശേഷം പതിനഞ്ചു ദിവസത്തിനുള്ളിൽ വേദന ലഭിക്കുന്നതിന് അവകാശം.

8- വേദന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അവകാശം.

9- സമയബന്ധിതമായ പരാതി പരിഹാരത്തിനുള്ള അവകാശം.

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

അവകാശങ്ങളുമായി ബന്ധപ്പെട്ട തൊഴിലാളികളോട് ചോദിച്ചറിഞ്ഞ് വിവരങ്ങൾ.

* തൊഴിൽ കാർഡ്

സജീവ തൊഴിലാളികളിൽ കുറച്ചു തൊഴിലാളികൾക്ക് മാത്രമാണ് പുതിയ തോൽക്കാത്ത നൽകിയിട്ടുള്ളത്

എല്ലാവരും തന്നെ തൊഴിൽ കാർഡിലേക്ക് ആവശ്യമായ ഫോട്ടോ തൊഴിലാളികൾ സ്വന്തമായി പണം ചെലവഴിച്ചു എടുക്കാറാണ് പതിവ്. തൊഴിലാളികളുടെ തൊഴിൽ കാർഡിലേക്കുള്ള ഫോട്ടോ പഞ്ചായത്തിൽ നിന്നും എടുത്തു കൊടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നത് നല്ലതായിരിക്കും.

* തൊഴിൽ അപേക്ഷ

കൊതുക് തീർക്കാനായി തൊഴിലാളികൾ വ്യക്തിപരമായി അപേക്ഷ നൽകാറില്ല എന്ന് മനസ്സിലായി. തൊഴില് അപേക്ഷ 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറില്ലെന്നത് തൊഴിലാളികൾ നിന്നും മനസ്സിലായി.

* കൂലി നഷ്ടപരിഹാരം

തൊഴിലുറപ്പു നിയമം പ്രകാരം പ്രവർത്തി കഴിഞ്ഞ 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കേണ്ട അവകാശം തൊഴിലാളികൾക് ഉണ്ട്. ഈ പ്രവർത്തിയുടെ വേദനം തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ട്.

* തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ

കുടിക്കാനുള്ള വെള്ളം, വിശ്രമ സൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം, ക്രഷ് എന്നിവ തൊഴിൽ സ്ഥലത്ത് ലഭിക്കണമെന്ന് തൊഴിലുറപ്പു നിയമം ഷെഡ്യൂൾഡ് 2, 23-28 കേന്ദ്ര വാർഷിക സർക്കുലർ 8, 8.2, അനുശാസിക്കുന്നുണ്ട്. തൊഴിലാളികളുമായി നേരിട്ടു നടത്തിയ സംഭാഷണത്തിനിടയിൽ പ്രവർത്തി സ്ഥലത്ത് സൗകര്യങ്ങൾ ഒന്നും തന്നെ ലഭിച്ചിരുന്നില്ല. തൊഴിലാളികൾ തന്നെ കുടിവെള്ളം കൊണ്ടുവരുന്നതാണ് അറിയാൻ കഴിഞ്ഞത്. പ്രഥമ ശുശ്രൂഷ കിറ്റുകൾ ആദ്യകാലഘട്ടങ്ങളിൽ ലഭിച്ചിരുന്നുവെന്നും ലഭിക്കാറില്ല എന്നും അറിയാൻ കഴിഞ്ഞു.

*ചികിത്സാ സഹായം

തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 2ഇൽ 5 കേന്ദ്ര വാർഷിക സർക്കുലർ ചാപ്റ്റർ 9

പ്രകാരവും തൊഴിലാളികൾക്ക് തൊഴിൽ സ്ഥലത്ത് വെച്ച് അപകടം സംഭവിച്ചാൽ ചികിത്സാസൗകര്യം ഉറപ്പുവരുത്തേണ്ടതാണ്.

*  ഷെൽഫ് പോസ്റ്റ് പ്രോജക്റ്റ് തയ്യാറാക്കാനുള്ള അവകാശം.

ഷെൽഫ് ഓഫ് വർക്കിൽ തൊഴിലാളികളുടെ പങ്കാളിത്തം ഉണ്ടാകാറുണ്ട്.

*   5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം

*  സമയബന്ധിതമായി ട്ടുള്ള പരാതി പരിഹാരത്തിനുള്ള അവകാശം

പരാതി രജിസ്റ്റർ കാണാൻ സാധിച്ചു. രേഖപ്പെടുത്തിയതായി കണ്ടില്ല.

*  സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ഉള്ള അവകാശം.

തൊഴിലുറപ്പു നിയമം സെക്ഷൻ17(2) സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം ഉറപ്പു നൽകുന്നു.

പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകളും അവയിലെ കണ്ടെത്തലുകളും.

1 - തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

പഞ്ചായത്തിൽ രണ്ടുതരത്തിലുള്ള തൊഴിൽ കാർഡ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നു. എം ഐ എസ് എസിൽ നിന്നും ലഭിക്കുന്ന ഇതിൽ തൊഴിലാളികളുടെ ഫോട്ടോ ലഭ്യമായിരുന്നില്ല. മാനുവലിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ഫോട്ടോ ഉണ്ട്. ജസ്റ്റ് സൂക്ഷിച്ചിരുന്ന ഫോട്ടോ പഞ്ചായത്തിൽ നിന്നും എടുത്തതല്ല. സിൽ അപേക്ഷകരുടെ ഫോട്ടോ രജിസ്റ്ററിൽ കാണാൻ സാധിച്ചില്ല. രജിസ്ട്രേഷൻ തീയതി, അപേക്ഷകൻ റെ പേര്, രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥരുടെ ഒപ്പ്, എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

2- ഗ്രാമസഭാ രജിസ്റ്റർ

തൊഴിലുറപ്പ് ഗ്രാമസഭ മിനുട്സ്, പൊതു ഗ്രാമസഭ മിനുട്സ് വെവ്വേറെ രജിസ്റ്ററുകൾ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3- തൊഴിൽ ആവശ്യപ്പെട്ടതും നൽകിയതും ആയിട്ടുള്ള രജിസ്റ്റർ.

ഡിമാൻഡ് അലോക്കേഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിരുന്നു.

4- വർക്ക് രജിസ്റ്റർ

വർക്ക് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചതായി കാണാൻ സാധിച്ചു.

5- ആസ്തി രജിസ്റ്റർ

ആ സിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചതായി കാണാൻ സാധിച്ചു.

6- മെറ്റീരിയൽ രജിസ്റ്റർ

മെറ്റീരിയൽസ് പഞ്ചായത്തിൽ സൂക്ഷിച്ചിരുന്നു.

12/6/2019 നു ആണ് അവസാനമായി

വിവരങ്ങൾ രേഖപ്പെടുത്തിയത്.

7- പരാതി രജിസ്റ്റർ

പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിരുന്നു

എങ്കിലും പരാതികളൊന്നും തന്നെ രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചില്ല.

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെപ്പറയുന്ന 22 രേഖകൾകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്. ഫയലുകളുടെ വിവരങ്ങളും കണ്ടെത്തലുകളും

............................................................................................................................................ r

1- കവർപേജ്

സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തി ഫയലിൽ ഒന്നും തന്നെ കവർ പേജ് കാണുവാൻ സാധിച്ചില്ല. കവർ പേജ് എല്ലാ പ്രവൃത്തിഫയലിലും സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

2-ചെക്ക്ലിസ്റ്റ്

പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ, ഏതു പേജ് മുതൽ സൂക്ഷിച്ചിരിക്കുന്നു എന്ന് മനസിലാക്കാൻ ഉള്ള ആധികാരിക രേഖയാണ് ചെക്ക്ലിസ്റ്റ്. സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തി ഫയലിൽ ഒന്നും തന്നെ ചെക്ക്ലിസ്റ്റ് കാണാൻ സാധിച്ചില്ല.

3- ആക്ഷൻ പ്ലാൻ / ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി

പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പ് വവർഷത്തിലെ Annual Action Planil ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കാനുള്ള രേഖയാണ്ആക്ഷൻ പ്ലാനിംഗ് കോപ്പി. സോഷ്യൽ ഓഡിറ്റിങ വിധേയമാക്കിയ പ്രവർത്തി ഫയലിൽ ഒന്നും തന്നെ ആക്ഷൻ പ്ലാൻ / ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി കാണാൻ സാധിച്ചില്ല .

4-ഭരണാനുമതി

പ്രവർത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി രേഖ .ഭരണാനുമതി എല്ലാ പ്രവൃത്തികൾക്കും ഉണ്ട്

5-- സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി

ഒരു പ്രവർത്തി എങ്ങനെ എത്ര അളവിൽ ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ് .എസ്റ്റിമേറ്റ് ഡിസൈൻ പൊതുപ്രവർത്തികളുടെ ഫയലുകളിൽ കാണാൻ സാധിച്ചില്ല. സാങ്കേതിക അനുമതി ഫോറം കാണാൻ സാധിച്ചില്ല.

6- സാങ്കേതിക അനുമതി കോപ്പി

ഒരു പ്രവർത്തിക്ക് സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി ഫോറം. ഫയലുകളിൽ സാങ്കേതിക അനുമതി പകർപ്പ് കാണാൻ കഴിഞ്ഞു.

7- തൊഴിലിനുള്ളഅപേക്ഷ

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ് ഫോറം

തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ ജോലി നൽകിയോ എന്ന് അറിയാൻ സഹായിക്കുന്ന രേഖ കൂടിയാണ് ഡിമാൻഡ് ഫോറം വ്യക്തിപരമായി തൊഴിലാളികളുടെ അപേക്ഷ ഫയലുകളിൽ കാണുവാൻ സാധിച്ചില്ല. വ്യക്തിപരമായി അപേക്ഷകൾ ആരുംതന്നെ നൽകാറില്ല എന്ന ഫീൽഡ് സന്ദർശനത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു

8 - തൊഴിൽ അനുവദിച്ചതിനെ പകർപ്പ്

പ്രവർത്തി അനുവദിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ ഫോം . സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയ ഫയലുകളിൽ ഒന്നും തന്നെ തൊഴിൽ അനുവദിച്ചതിന്റെപകർപ്പ് കാണുവാൻ സാധിച്ചില്ല ..

9- പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി

തൊഴിലാളികളുടെ ഹാജർനില രേഖപ്പെടുത്താനുള്ള രേഖയാണ് മസ്റ്റർ റോൾ

10- മെഷർമെൻറ് ബുക്കിന്റെ കോപ്പി

ഒരു പ്രവർത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടത് എന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയാണ് എന്നും മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്. മെഷർമെന്റ് ബുക്ക് കൃത്യമായി സൂക്ഷിച്ചതായി കാണുന്നു.

11- സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി.

ഒരു പ്രവർത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് നെറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ പ്രക്വയർമെന്റ്. സോഷ്യൽ ഓഡിറ്റിനു വിധേയമാക്കുകയും 10 പ്രവർത്തികളിൽ 2 പ്രവൃത്തികൾ മാത്രമാണ് മെറ്റീരിയൽ ഉപയോഗിക്കേണ്ടി വന്നിട്ടുള്ളത് 2 പ്രവർത്തികളിലും മെറ്റീരിയൽ കൊട്ടേഷൻ ക്ഷണിച്ചതിൽ സ്റ്റേറ്റ്മെൻറ് കോപ്പി കാണാൻ സാധിച്ചു

12- വേജ്‌ലിസ്റ്റ്

മസ്റ്റർ റോളിൽ ആനുപാതികമായി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കുവാൻ ഉള്ള ആധികാരിക രേഖയാണ് വെയ്ജ്‌ലിസ്റ്റ്. സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയ ഫയലുകളിൽ AMC പ്രകാരമുള്ളതും പ്രാദേശികപരമായിട്ടുള്ളതുമായുള്ള വേജ്‌ലിസ്റ്റ് കാണാൻ സാധിച്ചില്ല .

13- വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും F T O യുടെ കോപ്പി.

മസ്റ്റ്റോളും വേജ്ലിസ്റ്റും അനുസരിച്ച് തൊഴിലാളികൾക്ക് വേതനം കൈമാറി എന്ന് ഉറപ്പാക്കാനുള്ള രേഖയാണ് F TO. പരിശോധിച്ചഫയലുകളിൽ F TOകാണുവാൻ സാധിച്ചില്ല .ഇനിയുള്ള ഫയലുകളിൽ ഇത് കൊണ്ടുവരാൻ ശ്രദ്ധിക്കേണ്ടതാണ്.

14- മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

ഒരു പ്രവർത്തിക്കു സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് Meterial Procurment .സിറ്റിസൺ ഇൻഫർമേഷൻ ബോർഡുമായി ബന്ധപ്പെട്ട രേഖകളുടെ വിശദാംശങ്ങൾ ഫയലുകളിൽ ഉണ്ടായിരുന്നില്ല .

15 - Royality അടച്ചതിന്റെ റസീറ്റിന്റെ കോപ്പി

ബാധകമല്ല

16- മൂന്ന് ഘട്ടങ്ങൾ ആയിട്ടുള്ള തൊഴിലിന്റെ ഫോട്ടോകൾ

സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയ ഫയലുകളിൽ ഫോട്ടോഗ്രാഫ് ഒന്നും കാണാൻ കഴിഞ്ഞില്ല .ഇനിയുള്ള ഫയലുകളിൽ ഫോട്ടോ കൂട്ടിച്ചേർക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കണം.

17 - പൂർത്തികരിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി

പ്രവർത്തി പൂർത്തീകരിച്ചു എന്നതിൻറെ രേഖയാണ് പ്രവർത്തി പൂർത്തീകരണസാക്ഷിപത്രം .നിലവിലുള്ള ഫയലുകളിൽ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം രേഖകളിൽ കാണാൻ കഴിഞ്ഞില്ല ഇത് ഫയലിൽ സൂക്ഷിക്കാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണം.

18 - മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ് / ഫയൽ ടാക്കിങ് ഫോറം

സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയഫയലുകളിൽ എല്ലാം തന്നെ ഫയൽ ടാക്കിങ് ഫോറം കാണാൻ കഴിഞ്ഞു.

19 - ആസ്തിയുടെ ജിയോടാഗ് ഫോട്ടോകൾ

പ്രവർത്തി ജിയോടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയാൻ സഹായിക്കുന്ന ഘടകമാണ് ജിയോടാഗ് ഫോട്ടോഗ്രാഫ് .ഫോട്ടോകൾ ഫയലുകൾ ലഭ്യമായിരുന്നില്ല .

20 - സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി.

പ്രവർത്തി സോഷ്യൽ ഓഡിറ്റിനു വിധേയമായതാണോ എന്ന് പരിശോധിക്കാൻ സഹായിക്കുന്ന രേഖയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് .ആറുമാസം കൂടുമ്പോൾ

സോഷ്യൽ ഓഡിറ്റ് ചെയ്യേണ്ടതാണ്.

21- സൈറ്റ് ഡയറി

പ്രവർത്തി സ്ഥലത്തെ മുഴുവൻ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുവേണ്ടിയുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി . സൈറ്റ് ഡയറി പ്രവർത്തി ഫയലുകളിൽ കാണുവാൻ സാധിച്ചു. മാറ്റിന്റെ പേരും ഫോൺനമ്പറും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് .ചെക്ക് ലിസ്റ്റ് എല്ലാ എല്ലാ പ്രവർത്തി ഫയലിലും പൂർണമായി രേഖപ്പെടുത്തിയിട്ടില്ല പ്രോജക്ട് മീറ്റിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പണിയായുധ വാടക സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ല .സന്ദർശകർ അവരുടെ പേരു വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത് .കുറിപ്പുകൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## നിർവഹണ ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശം

.....................................................................

# B D O

മസ്റ്റർറോളിൽ BDO ഒപ്പും സീലും പതിപ്പിക്കുന്നതിനൊപ്പം തീയതി കൂടി ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്

. അക്കൗണ്ടന്റ്, DEO,അക്രെഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ ,മേറ്റുമാർ എന്നിവർക്ക് അവരുടെ ചുമതലകളെകുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും ഏറ്റെടുത്തു നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തികളെ കുറിച്ചും മതിയായ ട്രെയിനിങ് കൊടുക്കുക.

.BDO കഴിയുന്ന സമയങ്ങളിൽ തൊഴിലാളികളെയും തൊഴിൽ സ്ഥലങ്ങളും സന്ദർശിക്കുന്നത് ഗുണകരമായിരിക്കും

# * സെക്രട്ടറി / അസിസ്റ്റൻറ് സെക്രട്ടറി

മസ്റ്റർ റോളിൽ ഒപ്പിനും സീലിനുംഒപ്പം തീയതി കൂടി ചേർക്കാൻ ശ്രദ്ധിക്കുക

7 രജിസ്റ്ററുകൾ ,എം ബുക്ക് ,എന്നിവ സാക്ഷ്യപ്പെടുത്തി ആധികാരികത ഉറപ്പു വരുത്തുക
തൊഴിലാളികളുടെ അവകാശങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ ,എന്നിവ ഉറപ്പുവരുത്തുക

ചികിത്സാചെലവുകൾ കൃത്യമായിഅനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുക

ഏറ്റെടുത്തു നടപ്പിലാക്കുവാൻ സാധിക്കുന്ന പ്രവർത്തികൾക്ക് അനുസൃതമായി ഷെൽഫ് ഓഫ്പ്രൊജക്റ്റ് തയ്യാറാക്കുക

വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി ശക്തിപ്പെടുത്തുക,ആറുമാസത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കുകയും ചെയ്യുക

*അക്കൗണ്ടന്റ് /DEO / ഓവർസിയർ

വർക്ക് ഫയലുകളിൽ ആനുവൽ മാസ്റ്റർ സർക്കുലറിൽ പറയുന്ന പ്രകാരമുള്ള 22 ഡോക്യൂമെന്റ് ഉണ്ടെന്ന് ഉറപ്പുവരുത്തി തയ്യാറാക്കുക.

### മേറ്റ്മാരോട്

.......................

തൊഴിലാളികളുടെ തൊഴിൽ കാർഡിൽ പ്രവർത്തിയെ കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി ചേർക്കേണ്ടതും ഹാജർ അടയാളപ്പെടുത്തേണ്ടതുമാണ്.

തൊഴിലാളികളുടെ ഗ്രൂപ്പ് ഡിമാൻഡ് അപേക്ഷകൾ പഞ്ചായത്തിൽ നൽകുമ്പോൾ കൈപ്പറ്റ് രസീത് തിരികെ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്

തൊഴിലാളികൾ യഥാസമയം പ്രവർത്തി സ്ഥലത്ത് ഹാജരാകുന്നുണ്ടോ എന്നു ശ്രദ്ധിക്കേണ്ടതും,

ഹാജർ കൃത്യസമയത്ത് മാസ്റ്റർ റോളുകളിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

പ്രവർത്തി സ്ഥലത്ത് വെച്ച് തൊഴിലാളികൾക്ക് അപകടം സംഭവിക്കുകയാണെങ്കിൽ അപകടത്തിന്റെവിശദാംശങ്ങൾ സൈറ്റ് ഡയറിയിൽ രേഖപ്പെടുത്താനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സൈറ്റ് ഡയറിയിൽ എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുക .

തൊഴിലാളികളോട്

പഞ്ചായത്തിൽ നിന്നും തൊഴിലിനനുമതി ലഭിക്കാൻ കാത്തിരിക്കാതെ തൊഴിൽ ആവശ്യമുള്ള സമയത്ത് പഞ്ചായത്തിൽ അപേക്ഷ നൽകുകയും രസീദ് കൈപ്പറ്റി സൂക്ഷിക്കുകയും ചെയ്യുക

തൊഴിലിന് അപേക്ഷിച്ച് 14 ദിവസത്തിനുശേഷം തൊഴിൽ ലഭിക്കാത്ത സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിക്കുക

തൊഴിലുറപ്പ് വേതനം കൃത്യമായി പാസ്ബുക്കിൽ രേഖപ്പെടുത്തുക

തൊഴിൽകാർഡ് സ്വന്തം കൈവശം സൂക്ഷിക്കുക

അവകാശങ്ങൾ ലഭ്യമാകാത്ത സാഹചര്യങ്ങളിൽ പരാതി പരിഹാര സംവിധാനങ്ങളുടെ ഉപയോഗപ്പെടുത്തുക

ഗ്രാമസഭകളിൽ കൃത്യമായി പങ്കെടുക്കുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുക

* പദ്ധതിയിൽ തൊഴിൽ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

അവിദഗ്ധ കായിക അധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളവരും പഞ്ചായത്തിലെ സ്ഥിരതാമസക്കാരായവരും ആയിരിക്കണം

18 വയസ്സ് പൂർത്തിയായിരിക്കണം

ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും

കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം

ജോലിക്ക് മുൻകൂറായും അപേക്ഷിക്കണം

അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലെങ്കിൽ നിശ്ചിത നിരക്കിൽ തൊഴിലില്ലായ്മ വേതനം

മസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി

കാലതാമസം ആകുന്ന ഓരോ ദിവസത്തിനു 0.5% നിരക്കിൽ നഷ്ടപരിഹാരം

ആകെ തൊഴിലിന്റെ മൂന്നിലൊന്ന് സ്ത്രീകൾക്ക്

കുടുംബത്തിന് പരമാവധി 100 ദിവസം

5 km ചുറ്റളവിനുള്ളിൽ ജോലി

പരിക്ക് പറ്റിയാൽ സൗജന്യ ചികിത്സ

പ്രവർത്തി സംബന്ധിച്ച വിവരങ്ങൾ

1.കയ്യാല നിർമ്മാണം വാർഡ്  10 ഭാഗം 1 wc/331006

2.കയ്യാല നിർമാണം വാർഡ് 10 ഭാഗം 2 wc/331007

3.കയ്യാല നിർമ്മാണം വാർഡ് 10ഭാഗം 3wc/331008

4.കയ്യാല നിർമ്മാണം വാർഡ് 10ഭാഗം 4wc/331009

5.കയ്യാല നിർമ്മാണം വാർഡ് 10ഭാഗം 5wc/338342

6.കയ്യാല നിർമ്മാണം വാർഡ് 10ഭാഗം 6wc/338343

7.കയ്യാല നിർമ്മാണം വാർഡ് 10ഭാഗം 7wc/338344

8.കയ്യാല നിർമ്മാണം വാർഡ് 10ഭാഗം 8 wc/388345

9.പുത്തൻപുരയിൽ താഴെ കിഴക്കെകുന്നുമ്മൽ റോഡ് വാർഡ് 10Rc/279093

10.ഇരട്ടക്കുളങ്ങര പാറച്ചാലിൽ റോഡ് വാർഡ് 10 Rc/279000

1.കയ്യാല നിർമ്മാണം വാർഡ് 10ഭാഗം 1wc/331006

പ്രവൃത്തി തുടങ്ങിയത് 8/11/18ന് അവസാനിച്ചത്12/12/2018 ന് 450000 ന്റെ എസ്റ്റിമേറ്റ് ആയിരുന്നു. ആകെ 362 തൊഴിലാളികൾ അടങ്ങുന്ന 52 ദിവസത്തെ തൊഴിൽ ദിനമാണ് ലഭിച്ചത്. അനുബന്ധ ചെലവിനായി 7379 രൂപയും തൊഴിൽ വേതനമായി 431703 രൂപയുമാണ് ചെലവഴിച്ചത്. എം ബുക്ക് പ്രകാരം ഉള്ള അളവ 2235 അളക്കാൻ കഴിഞ്ഞത 2194.2

2.കയ്യാല നിർമ്മാണം വാർഡ് 10 ഭാഗം 2 wc/331007

പ്രവൃത്തി തുടങ്ങിയത് 18/11/2018 ന് അവസാനിച്ചത്11/01/2019 ന് 450000 ന്റെ എസ്റ്റിമേറ്റ് ആയിരുന്നു. ആകെ 372 തൊഴിലാളികൾ അടങ്ങുന്ന 53 ദിവസത്തെ തൊഴിൽ ദിനമാണ് ലഭിച്ചത്. അനുബന്ധ ചെലവിനായി 7079 രൂപയും തൊഴിൽ വേതനമായി 441358 രൂപയും ആണ് ചെലവഴിച്ചത്. എം ബുക്ക് പ്രകാരം 2235 ഉം ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 2188.7

3.കയ്യാല നിർമ്മാണം വാർഡ് 10ഭാഗം 3wc/331008

പ്രവൃത്തി തുടങ്ങിയത് 8/11/2018 ന് അവസാനിച്ചത് 11/01/2019 ന്. 450000 ന്റെ എസ്റ്റിമേറ്റ് ആയിരുന്നു. 360 തൊഴിലാളികൾ അടങ്ങുന്ന 49 ദിവസത്തെ തൊഴിൽ ദിനമാണ് ലഭിച്ചത്. അനുബന്ധ ചെലവിനായി 7478 രൂപയും തൊഴിൽ വേതനമായി 440646 രൂപയുമാണ് ചെലവഴിച്ചത്. എം ബുക്ക് പ്രകാരം ഉള്ള അളവ് 2637. ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 2327.9

4.കയ്യാല നിർമ്മാണം വാർഡ് 10 ഭാഗം 4 wc/331009

പ്രവൃത്തി തുടങ്ങിയത് 8/11/2018 അവസാനിച്ചത് 8/01/2019ന് 450000 ന്റെ എസ്റ്റിമേറ്റ് ആയിരുന്നു. ആകെ 417 തൊഴിലാളികൾ അടങ്ങുന്ന 39 ദിവസത്തെ തൊഴിൽ ദിനം ആണ് ലഭിച്ചത്. അനുബന്ധ ചെലവിനായി 4737 രൂപയും തൊഴിൽ വേതനമായി 428993 രൂപയും ആണ് ചെലവഴിച്ചത്. എം ബുക്ക് പ്രകാരം ഉള്ള അളവ് 2729 ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 2279.6

5.കയ്യാല നിർമ്മാണം വാർഡ് 10 ഭാഗം 5wc/338342

പ്രവൃത്തി തുടങ്ങിയത് 7/2/2019 ന് അവസാനിച്ചത് 15/03/2019 ന്. 300000 ന്റെ എസ്റ്റിമേറ്റ് ആയിരുന്നു. ആകെ 241 തൊഴിലാളികൾ അടങ്ങുന്ന 29 ദിവസത്തെ തൊഴിൽ ദിനമാണ് ലഭിച്ചത്. അനുബന്ധ ചെലവിനായി 5207 രൂപയും തൊഴിൽ വേതനമായി 235499 രൂപയും ആണ് ചെലവഴിച്ചത്. എം ബുക്ക് പ്രകാരം കയ്യാല യുടെ ആകെ നീളം 1505.4 ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 1097.9

6.കയ്യാല നിർമ്മാണം വാർഡ് 10ഭാഗം 6wc/338343

പ്രവൃത്തി തുടങ്ങിയത് 7/2/2019 ന് അവസാനിച്ചത് 30/03/2019 ന് 300000ന്റെ എസ്റ്റിമേറ്റ് ആയിരുന്നു. ആകെ 250 തൊഴിലാളികൾ അടങ്ങുന്ന 46 ദിവസത്തെ തൊഴിൽ ദിനമാണ് ലഭിച്ചത് അനു ബന്ധ ചെലവിനായി 5252 രൂപയും തൊഴിൽ വേതനമായി 239293 രൂപയും ആണ് ചെലവഴിച്ചത്. എം ബുക്ക് പ്രകാരം ഉള്ള അളവ് 1494. ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 1120.6 ഫയലിൽ രേഖപ്പെടുത്താത്ത ഉടമ കളുടെ വീടു കളിൽ കയ്യാല നിർമ്മിച്ചിടുണ്ട് അവയുടെ ആകെ നീളം 699.

7.  കയ്യാല നിർമ്മാണം വാർഡ് 10 ഭാഗം 7 WC/338344

-----------------------

 പ്രവൃത്തി  തുടങ്ങിയത് 7 /12/2019നു. അവസാനിച്ചത്  15/3/2019 ന്. 300000 ന്റെ  എസ്റ്റിമേറ്റ് ആയിരുന്നു. ആകെ  620 തൊഴിൽ ദിനമാണ് ലഭിച്ചത്. അനുബന്ധ ചിലവിനായി  1482 രൂപയും തൊഴിൽ വേതനമായി 181318 രൂപയുമാണ് ചെലവഴിച്ചത്.

8 - കയ്യാല നിർമ്മാണം വാർഡ് 10 ഭാഗം 8.WC /388345.

-----------------------

 പ്രവൃത്തി തുടങ്ങിയത് 14. 12. 19 ന്. അവസാനിച്ചത് 15. 3. 2019. 450000  ന്റെ എസ്റ്റിമേറ്റ് ആയിരുന്നു.  ആകെ 718 തൊഴിലാളി ദിനം ആണ് ലഭിച്ചത്. എന്ത് ചിലവിനായി 2130 രൂപയും തൊഴിൽ വേതനം ആയി ഒരു  158978 രൂപയും  ആണ് ചെലവഴിച്ചത്എം . ബുക്ക് പ്രകാരമുള്ള അളവ് . 1201. ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത്  1097.5

9- പുത്തൻപുരയിൽ താഴെ കിഴക്കേ കുന്നുമ്മൽ റോഡ് വാർഡ് 10 RC /279093 -

-----------------------

 പ്രവൃത്തി  തുടങ്ങിയത് 16. 3. 2019 ന്. പ്രവർത്തി അവസാനിച്ചത് 25. 3. 2019ന്. 300000ൻറെ എസ്റ്റിമേറ്റ് ആയിരുന്നു. 91 തൊഴിൽദിനം ആണ് ലഭിച്ചത്. വേത നയായി 38 300 രൂപയും മെറ്റീരിയൽ ഇനത്തിൽ 239069 രൂപയുമാണ് ചെലവഴിച്ചത്.

10.  ഇരട്ടകുളങ്ങര പാറ ചാലിൽ റോഡ് വാർഡ് 10

-----------------------

 പ്രവൃത്തി തുടങ്ങിയത് 20 3. 2019 ന്.  അവസാനിച്ചത് 29. 3. 2019.ന്. 300000 ൻറെ  എസ്റ്റിമേറ്റ് ആയിരുന്നു.  ആകെ 90 തൊഴിൽദിനം ആണ് ലഭിച്ചത്. അനുബന്ധ ചെലവിന് 4 300 രൂപയും തൊഴിൽ  വേതനമായി  54990/. രൂപയാണ് ചെലവഴിച്ചത്. മെറ്റീരിയൽ  ഇനത്തിൽ  238574 രൂപയുമാണ് ചെലവഴിച്ചത്. എം  ബുക്ക്  പ്രകാരമുള്ള അളവ് നീളം.  120 m. ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 120m.

U

| Work code | Work name (As per muster Roll ) | Status | Start Date | Last Date | Total mandays | Total Amount | Estimate Amount |
|---|---|---|---|---|---|---|---|
| 1604009002/wc/331008 | കയ്യാല നിർമ്മാണം വാർഡ് 10 ഭാഗം -3 | Competed | 08/11/2019 | 11/11/2019 | 49 | 440646 | 450000 |
| 1604009002/wc/331009 | മണ്ണ് ജല സംരക്ഷണപ്രവൃത്തിയുടെ ഭാഗമായി കയ്യാല നിർമ്മാണം വാർഡ് 10ഭാഗം -4 | Completed | 08/11/2018 | 08/01/2019 | 39 | 428993 | 450000 |
| 1604009002/wc/331006 | മണ്ണ് ജല സംരക്ഷണപ്രവൃത്തിയുടെ ഭാഗമായി കയ്യാല നിർമ്മാണം ഭാഗം -1 | Completed | 08/11/2018 | 12/12/2018 | 52 | 439082 | 450000 |
| 1604009002/wc/331007 | മണ്ണ് ജലസംരക്ഷണ പ്രവൃത്തിയുടെ ഭാഗമായി കയ്യാല നിർമ്മാണം വാർഡ് 10ഭാഗം -2 | Completed | 18/11/2018 | 11/1/2019 | 53 | 44358 | 450000 |
| 1604009002/Rc/279093 | പുത്തൻ പുരയിൽ താഴെ കിഴക്കെ കുന്നുമ്മൽ റോഡ് വാർഡ് 10 | Completed | 16/03/2019 | 25/03/2019 | 91 | 23041 | 300000 |
| 1604009002/Rc/279000 | ഇരട്ടകുളങ്ങര പാറചാലിൽ റോഡ് വാർഡ് -10 | Completed | 20/03/2019 | 29/03/2019 | 90 | 297864 | 300000 |
| 1604009002/wc/338342 | കയ്യാല നിർമ്മാണം വാർഡ് 10 ഭാഗം -5 | Completed | 7/02/2019 | 15/03/2019 | 29 | 235499 | 300000 |
| 1604009002/wc/ | കയ്യാല | Comple | 7/2/201 | 30/3/20 | 46 | 2392 | 30000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 338343 | നിർമ്മാണം വാർഡ് 10ഭാഗം -6 | ted | 9 | 19 | | 93 | 0 |
| 1604009002/wc/338344 | കയ്യാല നിർമ്മാണം വാർഡ് 10ഭാഗം 7 | Completed | 7/12/2019 | 15/03/2019 | 620 | 181318 | 300000 |
| 1604009002/wc/388345 | കയ്യാല നിർമ്മാണം വാർഡ് 10ഭാഗം -8 | Completed | 7/02/2019 | 15/03/2019 | 718 | 158978 | 300000 |

ഗ്രാമസഭാ റിപ്പോർട്ട്

ചങ്ങരോത്ത് പഞ്ചായത്ത് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 26/11/2019 ന് ചങ്ങരോത്ത് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടന്നു. പഞ്ചായത്ത് മുൻ പ്രസിഡന്റ് ഷൈലജ പുതുക്കോട്ട്, NREG ഉദ്യോഗസ്ഥർ, വില്ലേജ് റിസോഴ്സ് പേർ സണർമാർ, എന്നിവരും 153 തൊഴിലുറപ്പ്തൊഴിലാളികളും പങ്കെടുത്തു. ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡൻറ് ഷൈലജ പുതുക്കോട്ട് സ്വാഗതം പറഞ്ഞു കൊണ്ട് അദ്ധ്യക്ഷ സ്ഥാനത്തേക്ക് തൊഴിലാളികളുടെ പ്രതിനിധിയായി പുഷ്പ എന്ന തൊഴിലാളിയെ തെരഞ്ഞെടുത്തു. അതിനു ശേഷം VRP ജാൻസി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഗ്രാമസഭയിൽ പങ്കെടുത്തവർ അത് ഏറ്റുചൊല്ലി.ശേഷം VRP ആതിര ആമുഖം അവതരിപ്പിച്ചു.പിന്നീട് തൊഴിലാളികളുടെ 10 അവകാശങ്ങളെ പറ്റി VRP രജീഷ് വിശദീകരിച്ചതിനു ശേഷം VRP വിസ്മയ റിപ്പോർട്ട് അവതരിപ്പിച്ചു. അതിനു ശേഷം തൊഴിലാളികളുടെ ചർച്ച ആയിരുന്നു. കൃത്യ സമയത്ത് വേതനം ലഭിക്കുന്നില്ലെന്നും പ്രവൃത്തി പൂർത്തിയായി മാസങ്ങൾ കഴിഞ്ഞാണ് വേതനം ലഭിക്കുന്നതെന്നും ഒരു തൊഴിലാളി അഭിപ്രായപ്പെട്ടു.. ഭൂരിപക്ഷ തൊഴിലാളികൾക്കും ഇതേ അഭിപ്രായം ഉണ്ടായിരുന്നു.പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് എല്ലാം കൃത്യമായി ചെയ്യുന്നുണ്ടെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് വേതനം വൈകുന്നത് എന്നും AE മറുപടി പറഞ്ഞു.പുതിയ തൊഴിൽ കാർഡ് ലഭിച്ചില്ലെന്ന് കുറെയധികം തൊഴിലാളികൾ അഭിപ്രായപ്പെട്ടു.ജില്ലയിലെ ഓഫീസിലെ പുതിയ കാർഡ് ലഭ്യമല്ലാത്തതിനാലാണ് തൊഴിലാളികൾക്ക് പുതിയ കാർഡ് ലഭ്യമാക്കാൻ സാധിക്കാത്തത് എന്ന് NREG ഉദ്യോഗസ്ഥർ മറുപടി പറഞ്ഞു. തൊഴിലാളികളുടെ ഏത് തരത്തിലുള്ള പ്രശ്നങ്ങൾക്കും പരിഹാരം കാണാമെന്ന് ഉദ്യോഗസ്ഥർ ഉറപ്പ് നൽകി. കുറെയധികം വീടുകളിലേക്ക് ഒരു വഴി സഞ്ചാരയോഗ്യമല്ലാത്തതിനാൽ ആ വഴിനടപ്പാത നിർമാണത്തിൽ ഉൾപ്പെടുത്തണം എന്ന ഒരു തൊഴിലാളിയുടെ ആവശ്യത്തിന് ബന്ധപ്പെട്ട ഓഫീസിൽഅപേക്ഷ നൽകാൻ NREG ഉദ്യോഗസ്ഥർ നിർദ്ദേശിച്ചു. റിപ്പോർട്ട് തൊഴിലാളികൾ കൈയ്യടിയോടെ അംഗീകരിച്ചു.ശ്രീജ എന്ന തൊഴിലാളി നന്ദി പറഞ്ഞതിനു ശേഷം 5 മണിയോടു കൂടിഗ്രാമസഭ അവസാനിപ്പിച്ചു.